# രാഷ്ട്രനന്മയ്ക്ക് നന്മയുടെ വിദ്യാർഥിത്വം

**സംസാര സൂചിക:**

രാഷ്ട്ര നന്മ എന്നത് സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സമഗ്ര പുരോഗതിയാണ്.
രാഷ്ട്ര പുരോഗതിയെന്നത് സമൂഹ പുരോഗതിയിലൂടെയും സമൂഹ സൃഷ്ടി വ്യക്തികളിലൂടെയും ആണ്.
നന്മയുടെ വിദ്യാർഥിത്വം: നേരറിവും, സാമൂഹിക പ്രതിബദ്ധതയുമുള്ള വിദ്യാർഥിത്വമായിരിക്കണം. അറിവ് സമൂഹത്തിനും രാഷ്ട്രത്തിനും ഉപകാരമുള്ളതായിരിക്കണം. സമർപ്പണ ബോധമുള്ളവരായിരിക്കണം.

രാഷ്ട്ര നന്മ അഥവാ സാമൂഹിക നന്മയുമായി ബന്ധപ്പെട്ട സംസാരത്തിൽ ഉൾപ്പെടേണ്ട വിവിധ വിഷയങ്ങളുടെ സൂചനയാണ് താഴെ.

**പ്രകൃതി:**

നാളേക്കുള്ള വിഭവങ്ങൾ കൂടിയാണ് പ്രകൃതി. വിദ്യാർഥികൾ എന്ന നിലയിൽ നമുക്ക് ചിലത് ചെയ്യാനാവും. ജലത്തിനു വേണ്ടിയുള്ള സമരങ്ങൾ നാം സാക്ഷികളാണ്. മുല്ലപ്പെരിയാർ, കാവേരി ഉദാഹരണങ്ങൾ. നീർത്തടം, കൃഷി, പ്രകൃതി വിഭവങ്ങൾ എന്നിവ സംരക്ഷിക്കാനുള്ള ബോധവൽകരങ്ങളുണ്ടാവണം. നമ്മുടെ രാജ്യത്തേക്ക അധിനിവേശം നടത്തിയവരുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് നമ്മുടെ പ്രകൃതി വിഭവങ്ങളായിരുന്നു. വിദ്യാഭ്യാസത്തിന്റെയും കലാലയ പ്രവർത്തനങ്ങളുടെയും ഭാഗമായി പ്രകൃതി വരേണ്ടതുണ്ട്. ഒഴുകുന്ന പുഴയിൽ നിന്ന് പോലും ദുർവ്യയമരുത് എന്ന് പ്രവാചക വചനം

**മാനവ വിഭവശേഷി**

ഒരു രാജ്യത്തിന്റെ പുരോഗതിയുടെ ഏറ്റവും അടിസ്ഥാന ഘടകം മാനവ വിഭവശേഷിയാണ്. അറിവും സമർപ്പണ ബോധവുമുള്ള തലമുറ അതിന് അനിവാര്യമാണ്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പണം മാത്രമാവരുത്. ചൈന നേരിടുന്ന പ്രതിസന്ധി യുവാക്കളുടെ കുറവാണ്. യുവത്വം നിഷ്ക്രിയമാവുന്നതിലൂടെ നമുക്കും നഷ്ടമാവുന്നത് യുവത്വത്തെയാണ്. സമയം പ്രധാനമാണ്. ഒന്നിൽ നിന്ന് വിരമിച്ചാൽ മറ്റൊന്നിലേക്ക്. സക്രിയമായ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കണം.

സമൂഹത്തിൽ നില നിൽക്കുന്ന അരക്ഷിത ബോധവും, സാമ്പത്തിക ഉച്ചനീചത്വവും മാനവിഭശേഷിയുടെ ക്രിയാത്മക ഉപയോഗത്തെ തടയുന്നു. ലഹരി, മറ്റു അധാർമിക പ്രവണതകൾ യുവത്വത്തിന്റെ കർമശേഷിയെ നശിപ്പിക്കുന്നു. ജാഹിലിയ്യാ അറബികളിൽ നിന്ന് ധാർമിക ബോധത്തിലൂടെ ഇസ്ലാം വളർത്തിയെടുത്ത സമൂഹം ഉദാഹരണം. ശാസ്ത്രജ്ഞർ, വൈദ്യശാസ്ത്ര രംഗത്തെ പ്രമുഖർ, എന്നിവർ ഉടലെടുത്തത് , ഒരു സമൂഹത്തിന് ലക്ഷ്യ ബോധവും ജീവിതത്തിന് താളവും ലഭിച്ചപ്പോഴാണ്.

സേവന മനസ്ഥിതി: മറ്റുള്ളവരെ സഹായിക്കാനുള്ള മനസ്സ് ഉണ്ടാവുക. സമ്പത്തിലും അനുഗ്രഹങ്ങളിലും സഹജീവികൾക്ക് അവകാശമുണ്ടെന്നതാണ് ഇസ്ലാമിന്റെ കാഴ്ചപ്പാട്. ദാരിദ്ര്യ നിർമാർജനത്തിന്റെ ഉദാത്തമായ ഉദാഹരണമായിരുന്നു ഇസ്ലാമിക ഭരണകൂടങ്ങൾ.

അസഹിഷ്ണുതയിൽ നിന്ന് ഉടലെടുക്കുന്നതാണ് ഭീകരവാദങ്ങൾ: ആശയങ്ങൾ നഷ്ടമാവുമ്പോഴാണ് ആയുധങ്ങൾ തേടുന്നത്. ഉന്മൂലനം സിദ്ധാന്തങ്ങൾ ഒരു നാടിന്റെയും സമൂഹത്തിന്റെയും നിലനിൽപിന് ഭീഷണിയാണ്. സമാധാനമുള്ള അന്തരീക്ഷമാണ് മാനവ വിഭവശേഷിക്ക് വേണ്ട അടിസ്ഥാനം. സൗഹാർദത്തിന് പേര് കേട്ട നാടാണ് കേരളം. ഒറ്റപ്പെട്ട രാഷ്ട്രീയ ഭീകരവാദികളും മത സങ്കുചിത ചിന്താഗതിക്കാരും വളർത്തുന്ന അസഹിഷ്ണതയുടെ തിരിനാളങ്ങളെ വിവേകം കൊണ്ട് ഊതിക്കെടുത്താൻ കഴിയണം. അക്രമങ്ങളെയും കൊലപാതകങ്ങളെയും ന്യായീകരിക്കുന്നതും പാതകമാണ്.

**മതം:**

മനുഷ്യ നന്മക്കു വേണ്ടി സ്രഷ്ടാവിന്റെ സന്ദേശമാണ്. ജീവിത മാർഗരേഖയാണ്. മനുഷ്യർ ഒരൊറ്റ സമുദായം, ഏകനായ ആരാധ്യൻ എന്ന സന്ദേശമാണ് ഇസ്ലാമിന് നൽകാനുള്ളത്. ഏകദൈവ വിശ്വാസം: ഐക്യ ബോധം, നിർഭയത്വം, ചൂഷണ മുക്തം. ദൈവം കാരുണ്യവാനാണ്. ആകാശത്തുള്ളവൻ നിങ്ങളോട് കരുണ കാണിക്കണമെങ്കിൽ ഭൂമിയിലുള്ളവരോട് നിങ്ങൾ കരുണ കാണിക്കണമെന്ന സന്ദേശം.

മതം കേവലം ആചാരം മാത്രമല്ല, ആദർശമാണ് എന്നും, ഓരോരുത്തർക്കും ഇഷ്ടാനുസരണം വിശ്വസിക്കാനും അവിശ്വസിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട് എന്ന് മനസ്സിലാക്കുമ്പോൾ അസഹിഷ്ണുതക്ക് പ്രസക്തിയില്ല. മതത്തിൽ ബലാൽകാരമില്ല എന്ന ഖുർആനിക ആശയം. എന്നാൽ ദൈവത്തിന്റെ യഥാർഥ മാർഗമാണ് വിജയമാർഗം. ഈ സത്യം മനസ്സിലാക്കുന്നവർ തന്റെ സഹോദരന്റെ വിജയത്തിനു വേണ്ടി ആ സത്യത്തെ അറിയിച്ചു നൽകലാണ് പ്രബോധനം. അത് സ്നേഹ ബന്ധത്തിന്റെ കൂടി ഭാഗമാണ്.

വിദ്യാർഥി തലമുറക്ക് നഷ്ടമായത്, മതത്തെയും പ്രമാണങ്ങളെയും പഠിക്കാനുള്ള മനസ്സാണ്. അന്ധമായ മത നിരാസവും, അന്ധമായ വിശ്വാസവും മാറ്റി വെച്ച് മതങ്ങളെ അറിയുക പഠിക്കുക.

**സൗഹാർദം:**

നമ്മുടെ പ്രതിജ്ഞ, നാം സഹോദരീ സഹോദരന്മാരാണ്. പരസ്പരം അറിയാനും അറിയിക്കാനും ശ്രമിക്കുമ്പോൾ സൗഹാർദം വളരും. നമുക്ക് നമ്മുടേതായ അഭിപ്രായമുള്ളതു പോലെ തന്നെ മറ്റുള്ളവർക്ക് അവരുടേതായ അഭിപ്രായങ്ങളുമുണ്ട്. മറ്റുള്ളവരെ തിരുത്താൻ ശ്രമിക്കുന്നതു പോലെ പ്രധാനമാണ് വിമർശനങ്ങളെ ഉൾക്കൊള്ളാനുള്ള മനസ്സ്. ഹജ്ജത്തുൽ വിദാഇലെ പ്രഖ്യാപനം ഇവിടെ ഉദ്ധരിക്കാം. സൗഹാർദങ്ങളുടെ പാഠങ്ങൾ സമൂഹത്തിന് പകരേണ്ടത് കാമ്പസുകളാണ്. പ്രതിപക്ഷ ബഹുമാനം നഷ്ടമാവുന്ന തലമുറക്ക് തിരുത്താവണം. കാമ്പസ് രാഷ്ട്രീയം ആ തരത്തിൽ മാതൃകയാവണം.

<u>**മുദ്രവാക്യം**</u>

വരുന്നിതാ, വരുന്നിതാ.. കർമസരണി എം എസ്എം..
സിന്ദാബാദ്, സിന്ദാബാദ് സന്ദേശ ജാഥ സിന്ദാബാദ്..

പെരുവിരലുയർത്തിടാം, തിന്മയെ തകർത്തിടാൻ
ധർമശബ്ദമൊന്നിതാ, നല്ല നാളിനായൊരുങ്ങിടാം..

ഒരമ്മ പെറ്റ മക്കൾ നാം, മനുജരെന്നറിയണം
ഒരൊറ്റ മണ്ണിൽ വാണ നാം, ഭാരതീയരാവണം
കൊടി നിറങ്ങൾ വേറിടുന്നതാശയത്തിലാവണം
കൊലവിളി നടത്തിടുന്നതെന്തിനെന്നതോർക്കണം..

ബലിദാനിയല്ല, രക്ത സാക്ഷിയല്ല
ഇവർ, പോരടിച്ചു ജീവിതം തുലച്ചവർ

പെരുവിരലുയർത്തിടാം, തിന്മയെ തകർത്തിടാൻ
ധർമശബ്ദമൊന്നിതാ, നല്ല നാളിനായൊരുങ്ങിടാം..

കല്ലറ പണിതു, ചാകുവാൻ പറയുവോർ..
സ്ഥാനമൊന്നു നേടുവാൻ ശവപ്പറമ്പു തീർക്കുവോർ
ശാപമാണു നാടിനെന്നുറക്കെയൊന്നു പറയണം

സാധ്യമല്ല നിങ്ങടെ ബലി മൃഗങ്ങളാകുവാൻ
എന്നുറക്കെയൊന്നു ചൊല്ലുവാൻ
ചങ്കുറപ്പു കാട്ടുവിൻ ധീരരാം യുവാക്കളേ

വരുന്നിതാ, വരുന്നിതാ.. കർമസരണി എം എസ്എം..
സിന്ദാബാദ്, സിന്ദാബാദ് സന്ദേശ ജാഥ സിന്ദാബാദ്..

പെരുവിരലുയർത്തിടാം, തിന്മയെ തകർത്തിടാൻ
ധർമശബ്ദമൊന്നിതാ, നല്ല നാളിനായൊരുങ്ങിടാം..

തെരുവിലിറങ്ങും നായക്കുണ്ട് സ്വാതന്ത്ര്യം,
തെരുവിലുറങ്ങും മനുജനു മാത്രം, കിട്ടാക്കനിയോ സ്വാതന്ത്ര്യം?
എഴുതാൻ പറയാൻ തിന്നാൻ പോലും, ഇല്ലേ നാട്ടിൽ അവകാശം?
ഗാന്ധി വളർന്നൊരു നാടിന്ന്, ഫാഷിസ മണ്ണായ് മാറുന്നോ?

അറിയണം അറിയണം അധികാരികളേ, ഭിന്നിപ്പിച്ച് ഭരിക്കല്ലേ..
ഓർക്കണം ഓർക്കണമധികാരികളേ, നാനാത്വത്തിൽ ഏകത്വം..

വരുന്നിതാ, വരുന്നിതാ.. കർമസരണി എം എസ്എം..
സിന്ദാബാദ്, സിന്ദാബാദ് സന്ദേശ ജാഥ സിന്ദാബാദ്..

പെരുവിരലുയർത്തിടാം, തിന്മയെ തകർത്തിടാൻ
ധർമശബ്ദമൊന്നിതാ, നല്ല നാളിനായൊരുങ്ങിടാം..

ഓർക്കുവിൻ മനുഷ്യരേ മലിനമായ് പുഴകളും
മാമലകൾ വയലുകൾ, സുന്ദരമാം കാടുകൾ
ഔഷധച്ചെടികളും പോയ്മറഞ്ഞറിയുവീൻ

ഉണരുവിൻ യുവാക്കളേ, ഉണർത്തുവീൻ മനുഷ്യരേ..
നല്ല നാളുണരുവാൻ, ചേർന്നിരിക്കൂ സോദരേ
സ്നേഹമുള്ള നാടിനായ്, നന്മയുള്ള നാളിനായ്.